ഉത്തരം

(എ) പുതിയ റവന്യൂ ടവറുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) ഹോസ്ദുർഗ്ഗ് റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി സർക്കാർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

കൂരാച്ചുണ്ട് വില്ലേജിന്റെ അതിർത്തി പുനഃനിർണ്ണയം

28 [3199] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് വില്ലേജിന്റെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ കൂരാച്ചുണ്ട് വില്ലേജ് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വില്ലേജിന്റെ പുനർനിർണ്ണയം എപ്പോൾ നടക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) താലൂക്ക്/വില്ലേജ് പുനഃസംഘടന പഠിക്കാൻ നിയോഗിച്ചിട്ടുള്ള കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) കൂരാച്ചുണ്ട്, കായണ്ണ, പനങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ.

(സി) ഉണ്ട്.

(ഡി) താലൂക്ക് വില്ലേജ് പുനഃസംഘടന പഠിക്കാൻ നിയോഗിച്ചിട്ടുള്ള കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ തീരുമാന മെടുക്കാൻ കഴിയൂ.

ഉതിനൂർ വില്ലേജ് ഓഫീസ് കെട്ടിടം

29 [3200] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ഉതിനൂർ വില്ലേജ് ഓഫീസ് കെട്ടിടം സ്വന്തം ഭൂമിയിൽ ആണോ പണി കഴിപ്പിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly